"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റായ ശ്രീമതി.റംസീന.എ.-യ്ക്ക് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.260/2024/AGRI തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-
1. 12/06/2023 -ലെ സ.ഉ.(സാധാ) നം. 574/2023/ക്ൃഷി നമ്പർ ഉത്തരവ്.
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/01/2024 ലെ ADFW/9767/2021-SE1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ മലപ്പുറം ജില്ലയിലെ മാറാക്കര കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി 1/11/2021 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. റംസീന എ. -യ്ക്ക് 2/11/2021 മുതൽ 30/11/2023 വരെ പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. കോഴ്സ് പൂർത്തിയാക്കുന്നതിനായി 1/12/2023 മുതൽ 30/04/2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി ശ്രീമതി. റംസീന എ.സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മാറാക്കര കൃഷി ഭവനിൽ കൃഷി അസിസ്റ്റന്റായി 1/11/2021 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.റംസീന.എ.-യ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01/12/2023 മുതൽ 30/04/2024 വരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.റംസീന.എ. (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/317/2022-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ